## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4854** **22.03.2018 -ൽ മറുപടിയ്ക്ക്**

### ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സ് നടപ്പാക്കുന്ന ഏജൻസി

ചോദ്യം
ശ്രീ.എസ്.ശർമ്മ :

ഉത്തരം
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സ് നടത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ; | എ) | ചെറായി ബീച്ചിൽ വാട്ടർ സ്പോർട്സിന്റെ ഭാഗമായുള്ള സ്പീഡ് ബോട്ട് തുറമുഖവകുപ്പിന്റെ അനുമതിക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്.ശ്രീ. മെഷ് മനോഹരൻ , നിലാവ്,ഹൗസ്, കരിപ്പാവിക്കാട്, ചേന്ദമംഗലം പി ഒ എന്ന സ്വകാര്യ സംരംഭകന്റെ നേതൃത്വത്തിൽ ചെറായ് വാട്ടർ സ്പോർട്സ് എന്ന പേരിലാണ് സാഹസിക ജലകായിക വിനോദ സൗകര്യങ്ങൾ ചെറായി ബിച്ച് കേന്ദ്രീകരിച്ച് നടത്തുന്നത്. |
| (ബി) | പ്രസ്തുത ഏജൻസി കേരളത്തിൽ മറ്റെവിടെയെങ്കിലും വാട്ടർ സ്പോർട്സ് പദ്ധതി നടപ്പാക്കി പരിചയസമ്പത്തുള്ളവരാണോ; എങ്കിൽ എവിടെയൊക്കെയെന്നും എത്ര നാളത്തെ പരിചയസമ്പത്തുണ്ടെന്നും വിശദമാക്കാമോ? | (ബി) | ചെറായ് വാട്ടർസ്പോർട്സ് എന്ന പേരിൽ ശ്രീ.മെഷ് മനോഹരൻ എന്ന സംരംഭകന്റെ നേതൃത്വത്തിൽ ചെറായി ബീച്ചിൽ നടത്തുന്ന വിവിധ ജലകായിക വിനോദ സൗകര്യങ്ങളിൽ , പ്രവർത്തന പരിചയവും വൈദഗ്ധ്യവും ഉള്ളവരാണ് ഓപ്പറേഷൻ/പരിശീലക വിഭാഗത്തിലുള്ളത്. |

സെക്ഷൻ ഓഫീസർ